121 (1170) ഹരിത സംഘങ്ങൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര ടൺ കൂടുതൽ പച്ചക്കറി ഉല്പാദിപ്പിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹരിത സംഘങ്ങൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പുതുതായി എത്ര ഹരിത സംഘങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 3.65 ലക്ഷം ടൺ പച്ചക്കറി കൂടുതൽ ഉല്പാദിപ്പിച്ചു.

(ബി) 1102

(സി) 135

122 (1171) അണു-കീട വിമുക്തമായ പച്ചക്കറി

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അണുകീട വിമുക്തമായ പച്ചക്കറി രാസവളം ഇടാതെ കൃഷി ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത്തരം പച്ചക്കറി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ ഗവണ്മെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കിവരുന്ന ഊർജ്ജിത പച്ചക്കറി വികസന പദ്ധതിപ്രകാരം ജൈവകീടനാശിനി, ജൈവവളം എന്നിവ ഉപയോഗിച്ചുള്ള പച്ചക്കറി കൃഷിക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്.

(സി)&(ഡി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി, ഹരിതസംഘങ്ങൾ മുഖേന ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി അവർ നേരിട്ടും ഹോർട്ടികോർപ്പ് സംഭരിച്ചും വിതരണം ചെയ്യുന്നു. കൂടാതെ, ബ്ലോക്ക് തലത്തിൽ ഹരിത സംഘങ്ങൾ നടത്തുന്ന സംഭരണ വിതരണ കേന്ദ്രങ്ങൾ വഴിയും പച്ചക്കറി വിറ്റഴിക്കുന്നു. പഞ്ചായത്ത് തലത്തിൽ മാവേലി സ്റ്റോറിനോട് ചേർന്ന് വില്പന കേന്ദ്രം ആരംഭിക്കാനും നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly